ഹദീസ്

**പി.വൈ സൈഫുദ്ദീൻ മാള**
saifudheenyoosaf@gmail.com

# സ്വർഗമായിരിക്കണം ലക്ഷ്യം

عنْ أبي هريرة، أنَّ رسولَ اللَّهِ صلى الله عليه وسلم قالَ: إنَّ في الجنَّةِ مائَةَ درجةٍ أعدَّها الله للمُجاهِدينَ في سبيلِ الله مَا بيْن الدَّرجَتَيْنِ كَمَا بيْنَ السَّمَاءِ والأرض (رواه البخاري)

**അബൂഹുറൈറ(റ)യിൽനിന്ന് നിവേദനം. നബി (സ) പറഞ്ഞു: അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്ന പോരാളികൾക്കായി അല്ലാഹു സ്വർഗത്തിൽ തയാറാക്കിവെച്ചിരിക്കുന്ന നൂറ് പദവികളുണ്ട്. ഓരോ ഈരണ്ട് പദവികൾക്കിടയിലും ആകാശഭൂമികൾക്കിടയിലുള്ളത്ര വിശാലതയുണ്ട് (ബുഖാരി).**

സത്യവിശ്വാസിയുടെ ശക്തിയും ബലവും യഥാർഥ ലക്ഷ്യത്തെ കുറിച്ചുള്ള അവബോധമാണ്. ഇതവനെ കൂടുതൽ ശക്തനും ബലവാനുമാക്കുന്നു. ''എന്നാൽ ആരെങ്കിലും സത്യവിശ്വാസം സ്വീകരിക്കുകയും പരലോകമാഗ്രഹിക്കുകയും അതിനായി ശ്രമിക്കുകയുമാണെങ്കിൽ അറിയുക: അത്തരക്കാരുടെ പരിശ്രമം ഏറെ നന്ദിയർഹിക്കുന്നതുതന്നെ'' (*അൽ ഇസ്രാഅ്:* 19). ഒരിക്കൽ അബൂമൂസൽ അശ്അരി(റ)യോട് ഉമർ (റ) ചോദിച്ചു: 'പ്രവാചകനോടൊപ്പമുള്ള നമ്മുടെ ഇസ്‌ലാമിക ജീവിതവും ഹിജ്റയും യുദ്ധവും കർമവുമെല്ലാം നമുക്ക് പ്രതിഫലാർഹമായിത്തീരുകയും അങ്ങനെ നാം പരലോകത്ത് രക്ഷപ്പെടുകയും ചെയ്യില്ലേ?' അബൂ മൂസൽ അശ്അരി (റ) പറഞ്ഞു: 'ഉമറേ, നമ്മൾ ധർമസമരത്തിലേർപ്പെട്ടു, നമസ്കാരം നിലനിർത്തി, നോമ്പനുഷ്ഠിച്ചു, ധാരാളം നന്മകൾ ചെയ്തു, നമ്മളിലൂടെ ഒരുപാട് പേർ ഇസ്‌ലാം സ്വീകരിച്ചു. അതിനെല്ലാം നമ്മൾ പ്രതിഫലം പ്രതീക്ഷിക്കുന്നുണ്ട്.'

ഇതു കേട്ട് ഉമർ (റ) പൊട്ടിക്കരയാൻ തുടങ്ങി. എന്നിട്ടിങ്ങനെ പറഞ്ഞു: 'ഉമറിന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ തന്നെ സത്യം. ചെയ്തതിനെല്ലാം പ്രതിഫലം ലഭിക്കുകയും അങ്ങനെ നേട്ടകോട്ടങ്ങളില്ലാതെ രക്ഷപ്പെടുകയും ചെയ്താൽ മതിയായിരുന്നു.'

പ്രവാചകന്മാരുടെയും സ്വഹാബത്തിന്റെയും ആഗ്രഹവും പരിശ്രമവും, ഐഹിക സുഖങ്ങളെ മറന്ന് നാഥനു വേണ്ടി ജീവിക്കുക എന്നതായിരുന്നു. അവരുടെ കരുതിവെപ്പുകൾ നശ്വരലോകത്തേക്ക് വേണ്ടിയായിരുന്നില്ല; അനശ്വര ലോകത്തേക്ക് വേണ്ടിയായിരുന്നു. തന്റെ സച്ചരിതരായ ദാസന്മാർക്ക് നാഥൻ ഒരുക്കിവെച്ചിട്ടുള്ള ശാശ്വത ഗേഹമാണ് സ്വർഗം. അല്ലാഹു പറയുന്നു:

''ആർക്കുമറിയില്ല; തങ്ങൾക്കായി കൺകുളിർപ്പിക്കുന്ന എന്തൊക്കെയാണ് രഹസ്യമായി സൂക്ഷിച്ചുവെച്ചിരിക്കുന്നതെന്ന്. അവർ പ്രവർത്തിച്ചതിനുള്ള പ്രതിഫലമാണ് അതെല്ലാം'' (*അസ്സജദ:* 17). അല്ലാഹുവിന്റെ മാർഗത്തിൽ ധർമസമരത്തിലേർപ്പെടുന്നവർക്ക് നൂറ് പദവികളാണ് പ്രതിഫലമായി നാഥൻ ഒരുക്കിട്ടുള്ളത്. നമ്മുടെ പ്രവർത്തനങ്ങ

**അല്ലാഹു എന്ത് ലക്ഷ്യം വെച്ചാണോ ഓരോ മനുഷ്യനെയും ഈ ഭൂമിയിലേക്കയച്ചത്, ആ ലക്ഷ്യം പൂര്‍ത്തീകരിക്കാന്‍ സാധിച്ചെങ്കില്‍ മാത്രമാണ്, അല്ലാഹുവിന്റെ ഇഷ്ടദാസന്മാരില്‍ ഉള്‍പ്പെടാനാവുക; അവന്റെ വാഗ്ദത്ത ഗേഹം സ്വന്തമാക്കാനാവുക.**

ളുടെ ലക്ഷ്യവുമതായിരിക്കണം. ഐഹിക നേട്ടങ്ങളേക്കാള്‍ പാരത്രിക നേട്ടങ്ങളെയാണ് പ്രതീക്ഷിക്കേണ്ടത്. പരീക്ഷണങ്ങള്‍ക്കും പ്രയാസങ്ങള്‍ക്കും വിധേയരാകുമ്പോഴും നാഥന്‍ വാഗ്ദാനം ചെയ്ത, സങ്കല്‍പ്പങ്ങള്‍ക്കതീതമായ സ്വര്‍ഗീയ ആരാമങ്ങള്‍ നമുക്കു വേണ്ടി കാത്തിരിക്കുന്നുണ്ടെന്ന ബോധ്യത്തോടെ മുന്നേറാന്‍ സാധിക്കണം.

''പരലോകത്തെ പ്രതിഫലമോ, അതിമഹത്തരവും; അവരിതെല്ലാം അറിഞ്ഞിരുന്നെങ്കില്‍'' (*അന്നഹ്ല്‍*: 41 ). പാരത്രിക പ്രതിഫലം കരഗതമാവണമെങ്കില്‍ കര്‍മങ്ങള്‍ ആത്മാര്‍ഥമായിരിക്കണം, ഉദ്ദേശ്യശുദ്ധിയോടെയാവണം. പ്രതിഫലമാഗ്രഹിച്ചുള്ള പ്രവര്‍ത്തനങ്ങളാണ് ഉണ്ടാവേണ്ടത്. ആഇശ (റ) പറയുന്നുണ്ട്, ആത്മാര്‍ഥമായ കുറച്ച് പ്രവര്‍ത്തനങ്ങളേ ഉള്ളൂവെങ്കിലും അതാണ് നല്ലതെന്ന്.

''തീര്‍ച്ചയായും അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നെ അതില്‍ അശേഷം സംശയിക്കാതിരിക്കുകയും തങ്ങളുടെ സമ്പത്തും ശരീരവുമുപയോഗിച്ച് ദൈവമാര്‍ഗത്തില്‍ സമരം നടത്തുകയും ചെയ്തവര്‍ മാത്രമാണ് സത്യവിശ്വാസികള്‍. സത്യസന്ധരും അവര്‍തന്നെ'' (*അല്‍ ഹുജുറാത്ത്:* 15). തിരുമേനി(സ) പഠിപ്പിച്ചത് ആത്മാര്‍ഥതയോടെ അല്ലാഹുവിന്റെ മാര്‍ഗത്തില്‍ കര്‍മനിരതരാവണമെന്നാണ്. എങ്കിലാണ് മുഅ്മിനും മുജാഹിദുമായിത്തീരാന്‍ സാധിക്കുക. യഥാര്‍ഥ സത്യവിശ്വാസിക്കേ അല്ലാഹുവിന്റെ മാര്‍ഗത്തില്‍ പോരാടാന്‍ സാധിക്കൂ.

''അല്ലാഹു സത്യവിശ്വാസികളില്‍നിന്ന് അവര്‍ക്ക് സ്വര്‍ഗമുണ്ടെന്ന വ്യവസ്ഥയില്‍ അവരുടെ ദേഹവും ധനവും വിലയ്ക്കു വാങ്ങിയിരിക്കുന്നു. അവര്‍ അല്ലാഹുവിന്റെ മാര്‍ഗത്തില്‍ യുദ്ധം ചെയ്യുന്നു. അങ്ങനെ വധിക്കുകയും വധിക്കപ്പെടുകയും ചെയ്യുന്നു. അവര്‍ക്ക് സ്വര്‍ഗമുണ്ടെന്നത് അല്ലാഹു തന്റെ മേല്‍ പാലിക്കല്‍ ബാധ്യതയായി നിശ്ചയിച്ച സത്യനിഷ്ഠമായ വാഗ്ദാനമാണ്'' (*അത്തൗബ*: 111).

'സമരസന്നദ്ധരായി പുറപ്പെടുവിന്‍, ഭാരം കുറഞ്ഞവരായോ കൂടിയവരായോ നിങ്ങളും സമ്പത്ത് കൊണ്ടും ശരീരം കൊണ്ടും ദൈവമാര്‍ഗത്തില്‍ സമരം ചെയ്യുവിന്‍' എന്ന സൂക്തം പാരായണം ചെയ്ത അബൂത്വല്‍ഹ പറഞ്ഞു: 'ഭാരം കൂടിയവരായാലും കുറഞ്ഞവരായാലും യുവാക്കളായാലും മധ്യവയസ്കരായാലും അല്ലാഹു ഒഴികഴിവ് നല്‍കിയിട്ടില്ല, മക്കളേ! എനിക്ക് പാഥേയമൊരുക്കിത്തരൂ.' മക്കള്‍ പറഞ്ഞു: 'അല്ലാഹു അങ്ങയെ അനുഗ്രഹിക്കട്ടെ. അങ്ങ് തിരുദൂതരോടൊപ്പം യുദ്ധം ചെയ്തിട്ടുണ്ട്. അബൂബക്റിനോടൊപ്പം യുദ്ധം ചെയ്തിട്ടുണ്ട്, ഉമറിനൊപ്പവും യുദ്ധം ചെയ്തിട്ടുണ്ട്. അവരെല്ലാം മരണപ്പെട്ടു. ഇനി അങ്ങേക്കു വേണ്ടി ഞങ്ങള്‍ യുദ്ധം ചെയ്യാം.' അബൂത്വല്‍ഹ പറഞ്ഞു: 'ഇല്ല! മക്കളേ, നിങ്ങളെനിക്ക് സന്നാഹമൊരുക്കിത്തരൂ.' അദ്ദേഹം അങ്ങനെ പോരാടി മരിച്ചു. ഇതുപോലെ നിരവധി ഉദാഹരണങ്ങള്‍ ചരിത്രത്തില്‍ കാണാനാ കും. ഇവരുടെയെല്ലാം ലക്ഷ്യം ഒന്നു മാത്രമാണ്, സ്വര്‍ഗം. നബി (സ) പറഞ്ഞു: 'രക്തസാക്ഷിത്വം വരിച്ച് മരണപ്പെടുകയും സ്വര്‍ഗത്തില്‍ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തവരല്ലാത്ത മറ്റൊരാളും പിന്നീട് ഭൂമുഖത്തേക്ക് തിരിച്ചുവരാന്‍ കൊതിക്കുന്നതേയല്ല, എന്നാല്‍ രക്തസാക്ഷികള്‍ തങ്ങള്‍ക്ക് സ്വര്‍ഗത്തില്‍ ലഭിക്കുന്ന ആദരവ് കാരണം വീണ്ടും വീണ്ടും പോരാടി രക്തസാക്ഷിത്വം വരിക്കാനായി ഭൂമിയിലേക്ക് തിരിച്ചുവരാന്‍ ആഗ്രഹിക്കുന്നു.' ലക്ഷ്യം സത്യസന്ധമാണെങ്കില്‍ മാര്‍ഗവും എളുപ്പമാവും. അല്ലാഹു എന്ത് ലക്ഷ്യം വെച്ചാണോ ഓരോ മനുഷ്യനെയും ഈ ഭൂമിയിലേക്കയച്ചത്, ആ ലക്ഷ്യം പൂര്‍ത്തീകരിക്കാന്‍ സാധിച്ചെങ്കില്‍ മാത്രമാണ്, അല്ലാഹുവിന്റെ ഇഷ്ടദാസന്മാരില്‍ ഉള്‍പ്പെടാനാവുക; അവന്റെ വാഗ്ദത്ത ഗേഹം സ്വന്തമാക്കാനാവുക. ●